# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

07.02.2019 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2382

### വ്യവസായ സംരംഭങ്ങൾക്ക് ഏകജാലക സംവിധാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അബ്ദുൽ ഹമീദ് പി. :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| | കെ.എസ്.ഐ.ഡി.സി.ക്ക് കീഴിൽ ആരംഭിച്ച കേരള സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റ് ആന്റ് ട്രാൻസ്പേരന്റ് ക്ലിയറൻസ് സംവിധാനം വഴി വ്യവസായ സംരംഭങ്ങൾക്ക് ഏകജാലക അപേക്ഷാ രീതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | | ഉണ്ട്. സംസ്ഥാനത്ത് അനായാസമായി വ്യവസായം തുടങ്ങുന്നതിന് സംരംഭകർക്ക് അപേക്ഷകൾ സമർപ്പിക്കുവാൻ ഓൺലൈൻ ഏകജാലക സംവിധാനം 'കേരള സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റ് ആന്റ് ട്രാൻസ്പേരന്റ് ക്ലിയറൻസ്' സംവിധാനം (K-SWIFT) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഏകീകൃത അപേക്ഷ ഫോറം ഉൾകൊള്ളിച്ച് കൊണ്ടുള്ള ഈ ഓൺലൈൻ സംവിധാനം നിലവിൽ വരുമ്പോൾ വ്യവസായ സംരംഭകർക്ക് ഈ ഫോറം മുഖേന 14 വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. പ്രസ്തുത ഓൺലൈൻ ഏകജാലക സംവിധാനം (K-SWIFT) പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ, കല്പിത അനുമതികൾ, കോമ്പോസിറ്റ് ലൈസൻസുകൾ എന്നിവയാണ് കേരള സിംഗിൾ വിൻഡോ ഇൻറർ ഫേസ് ഫോർ ഫാസ്റ്റ് ആൻറ് ട്രാൻസ്പേരൻറ് |

| | | | |
|---|---|---|---|
| | | | ക്ലിയറൻസ് (K-SWIFT) ന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.<br><br>ഇതിന്റെ (K-SWIFT) പൂർണ്ണരൂപത്തിലുള്ള പതിപ്പിന്റെ ഔദ്യോഗിക ലോഞ്ചിംഗ് 11.02.2019 ന് ബഹു.മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ